10053
10/8/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- നിർഭയ ഷെൽട്ടർ ഹോമിൽ നിന്നും സ്വഭവനങ്ങളിലേയ്ക്ക് പോകുന്ന കുട്ടികളുടെ തുടർ വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനുമായുള്ള പ്രൊപ്പോസൽ - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(സാധാ)നം. 484/2015/സാനീവ തീയതി, തിരുവനന്തപുരം 01/08/2015.

---

പരാമർശം: 1) സാമൂഹ്യനീതി ഡയറക്ടറുടെ 20.06.2015 ലെ N/19/15 നമ്പർ കത്ത്.
2) 30.06.2015 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

<u>ഉത്തരവ്</u>

'ബാലാവകാശ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർഭയ ഷെൽട്ടർ ഹോമുകളിൽ നിന്നും സ്വഭവനങ്ങളിലേയ്ക്ക് പോകുന്ന കുട്ടികളുടെ വിശദാംശങ്ങളും അവർക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് ആവശ്യമായ ബഡ്ജറ്റും വിശദാംശങ്ങളും ലഭ്യമായിട്ടുണ്ടെന്ന് പരാമർശം (1) ലെ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതു പ്രകാരം മഹിള സമഖ്യ സൊസൈറ്റിയുടെ 7 ഷെൽട്ടർ ഹോമുകളിലെ 143 അന്തേവാസികൾക്കായി Computer Training, Digital Photography, Beautician & Fashion Designing, Jewellery Making, Glass Painting, Instrument Music, Nursing Assistant, DPharm, MLT, Paramedical course എന്നീ കോഴ്സുകളിലേയ്ക്ക് പരിഗണിക്കുന്നതിന് 23.75 ലക്ഷം രൂപയുടെ പ്രൊപ്പോസലും തൃശ്ശൂർ ഷെൽട്ടർ ഹോം നടത്തുന്ന ബദേസ്ഥ എന്ന സ്ഥാപനം Beautician course, Dress Making, Jewellery Making എന്നിവയുടെ പരിശീലനത്തിനായി 4 കുട്ടികൾക്ക് 24,000/- രൂപയുടെ പ്രൊപ്പോസലും കോഴിക്കോട് ഷെൽട്ടർ ഹോം നടത്തുന്ന അന്വേഷി എന്ന സ്ഥാപനം Book Binding, Embroidery, Fashion Designing, Tailoring എന്നിവയുടെ പരിശീലനത്തിനായി 17 പേർക്ക് 2,99,000/- രൂപയുടെ പ്രൊപ്പോസലും സമർപ്പിച്ചിട്ടുണ്ടെന്നും 3 സ്ഥാപനങ്ങളിലും കൂടി തുടർ വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനുമായി 26,98,000/- രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകണമെന്നും സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത തുക 2015-16 സാമ്പത്തിക വർഷത്തിൽ നിർഭയ പദ്ധതിയുടെ 2235-02-103-74(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2,00,00,000/- രൂപയിൽ നിന്നും അഭയ കേന്ദ്രങ്ങളിലെ താമസക്കാർക്ക് തൊഴിലും വരുമാനദായക മാർഗ്ഗങ്ങളും കണ്ടെത്തുന്നതിനായി ഉപയോഗപ്പെടുത്താമെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(2) 30.06.2015 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിർഭയ ഷെൽട്ടർ ഹോമുകളിൽ നിന്നും സ്വഭവനങ്ങളിലേയ്ക്ക് പോകുന്ന കുട്ടികളുടെ തുടർ വിദ്യാഭ്യാസത്തിനും തൊഴിലധിഷ്ഠിത പരിശീലനത്തിനുമായി സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി നൽകിയും ഇതിനാവശ്യമായ 26,98,000/- രൂപ (ഇരുപത്തിയാറ് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-103-74(പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**എ.ഷാജഹാൻ,**
**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ